പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1567 15/02/2016 -ൽ മറുപടിയ്ക്ക്

# ജൈവകൃഷി പ്രോൽസാഹിപ്പിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. ഹംസ** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | എ) 2010-11-ൽ ജൈവകൃഷി വ്യാപനത്തിനായി ഒരു കോടി രൂപ വകയിരുത്തിയിരുന്നു. 14 ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട 20 ബ്ലോക്കുകളിൽ ആകെ 900 ഹെക്ടർ പ്രദേശത്ത് ജൈവകൃഷി വ്യാപിപ്പിച്ചു.<br>2011-12-ൽ 3500 ഹെക്ടർ പ്രദേശത്ത് ജൈവകൃഷി വ്യാപിപ്പിച്ചു. ജൈവകൃഷി നയത്തിന്റെ ഭാഗമായി ചുവപ്പ്, മഞ്ഞ ലേബലുള്ള മാരകമായ കീടനാശിനികൾ കാസർഗോഡ് ജില്ലയിൽ നിരോധിച്ചു. കൂടാതെ സർക്കാർ ഉത്തരവ് നം.(എം.എസ്) 116/2011/കൃഷി പ്രകാരം 13 രാസകീടനാശിനികൾ കേരളമൊട്ടാകെ നിരോധിക്കുകയുണ്ടായി.<br>2012-ൽ കാസർഗോഡ് ജൈവ ജില്ലയായി പ്രഖ്യാപിക്കുകയും ജൈവ കൃഷി വ്യാപനത്തിനായി ആദ്യഘട്ടമെന്ന നിലയിൽ 28 പഞ്ചായത്തുകൾ തിരഞ്ഞെടുത്ത് വിവിധ ഘടകങ്ങൾ നടപ്പിലാക്കുകയും ചെയ്തു. ജൈവ കൃഷിയെക്കുറിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കുവാൻ |

പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതല പരിശീലന പരിപാടികൾ, സെമിനാർ, വർക്ക്ഷോപ്പ് എന്നിവ സംഘടിപ്പിച്ചു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ കർഷകരെ പച്ചക്കറി, വാഴ എന്നിവയുടെ ജൈവകൃഷി രീതികൾ അവലംബിക്കുവാൻ പ്രോത്സാഹനം നൽകി. ഇതിനായി 5.38 കോടി തുക ചെലവഴിച്ചു.

2013-14 -ൽ ജില്ലയിലെ 41 പഞ്ചായത്തുകളിലും ജൈവകൃഷി വ്യാപിപ്പിച്ചു. 12000 റൂറൽ കമ്പോസ്റ്റ് യൂണിറ്റുകളും 423 വെർമി കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിക്കുകയും 287 ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവകൃഷി പ്രവർത്തനം വ്യാപിപ്പിക്കുകയും ചെയ്തു. ജൈവ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി 5 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു. ജൈവകൃഷിയുടെ പരിശീലനത്തിനായി ഓർഗാനിക് ഫാം സ്കൂൾ സ്ഥാപിച്ചു.

2014-15-ൽ 256.50 ലക്ഷം രൂപ സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം ചെലവാക്കിയിട്ടുണ്ട്. ജൈവകൃഷി ക്ലസ്റ്റർ സമീപനം സ്വീകരിച്ചുകൊണ്ടാണ് കാസർഗോഡ് ജില്ലയിൽ പദ്ധതി നടപ്പിലാക്കുന്നത്. ഓരോ കൃഷിഭവനിലും 100 മുതൽ 115 ഹെക്ടർ വരെ വിസ്തൃതിയിലുള്ള 287 ക്ലസ്റ്ററുകൾ രൂപീകരിച്ച് ബോധവൽക്കരണം നടത്തി ജൈവപച്ചക്കറി കൃഷി നടപ്പിലാക്കി. കൂടാതെ റൂറൽ കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ് എന്നിവ വഴി ജൈവവളങ്ങളുടെ നിർമ്മാണം, കുരുമുളക് കൃഷി, കന്നുകുട്ടി പരിപാലനം, ഇടവിള കൃഷി, സമ്മിശ്രകൃഷി, നേന്ത്രവാഴ കൃഷിക്ക് ജൈവ കീടനാശിനിയായ നന്മയുടെ ഉപയോഗം ജീവാമൃതം, ജൈവവേലി, ബയോഗ്യാസ് പ്ലാന്റ് ഉള്ളവർക്ക് സ്ലറി പമ്പ്, മത്സ്യം വളർത്തൽ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി മാതൃകാ കൃഷിത്തോട്ടം സ്ഥാപിക്കൽ എന്നിവ നടപ്പിലാക്കി.

2015-16 -ൽ മേൽപ്പറഞ്ഞ ഘടകങ്ങൾക്ക് പുറമേ PGS പ്രകാരമുള്ള ജൈവസാക്ഷ്യപത്രത്തിനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. National Center for Organic Farming, VFPCK -യെ PGS പ്രകാരമുള്ള ജൈവ സർട്ടിഫിക്കേഷനുള്ള അംഗീകൃത ഏജൻസിയായി തിരഞ്ഞെടുത്തിട്ടുണ്ട്. അതിൻ പ്രകാരം കാസർഗോഡ് ജില്ലയിലെ 3000 ഹെക്ടർ പ്രദേശത്ത് PGS സാക്ഷ്യപത്രത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തിരം ജൈവകൃഷി പ്രോത്സാഹനം, ജൈവ ഉത്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം എന്നീ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

കൃഷി വകുപ്പിന്റെ വെജിറ്റബിൾ ഡവലപ്പ്മെന്റ് പദ്ധതി പ്രകാരം, വീടുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ്' പദ്ധതി, നഗരപ്രദേശങ്ങളിലെ വീട്ടുവളപ്പുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിഷ വിമുക്തമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനുമായി 'ഹരിതനഗരി' പദ്ധതി എന്നീ പദ്ധതികൾ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| ബി) എൻഡോസൾഫാൻ ഉൾപ്പെടെയുള്ള മാരക വിഷം തളിച്ച പഴങ്ങളും, പച്ചക്കറികളും സംസ്ഥാനത്ത് വിപണനം നടത്തുന്നത് തടയുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | ബി) പഴങ്ങളിലും പച്ചക്കറികളിലും അടങ്ങിയിരിക്കുന്ന കീടനാശിനി അംശം എത്രയെന്ന് കണ്ടുപിടിക്കാൻ പച്ചക്കറിക്കടകളിൽ നിന്ന് സാമ്പിൾ എടുത്ത് പരിശോധന നടത്തുന്ന ഒരു പുതിയ പ്ലാൻ സ്കീം 'സേഫ് ടു ഈറ്റ്' കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും ചേർന്ന് 2013 ജനുവരിയിൽ ആരംഭിച്ചു. തിരുവനന്തപുരം, കാസർഗോഡ് നഗരങ്ങളിലെ പച്ചക്കറിക്കടകൾ, ജൈവപച്ചക്കറിക്കടകൾ, സൂപ്പർ ഹൈപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിച്ച പച്ചക്കറികൾ പരിശോധിച്ച് അവയിലെ |

വിഷാംശത്തിന്റെ തോത് അനുസരിച്ച് പരിശോധനാഫലം കാർഷിക സർവ്വകലാശാല, കൃഷി വകുപ്പ് എന്നിവയുടെ വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതുവഴി ഉപഭോക്താക്കൾക്ക് ആവശ്യമായ മുന്നറിയിപ്പ് നൽകുന്നു. ഭക്ഷ്യ സുരക്ഷാ വിഭാഗവും കമ്പോളത്തിൽ പരിശോധന നടത്തുന്നുണ്ട്.

2/12/2010-ലെ സർക്കാർ ഉത്തരവ് (എം.എസ് നം.310/2010/കൃഷി പ്രകാരം ജൈവകൃഷി നയം സംസ്ഥാനത്ത് പൂർണ്ണമായി നടപ്പാക്കുന്നതിന്റെ ഭാഗമായും കാസർഗോഡ് ജില്ല പൂർണ്ണമായും ജൈവകൃഷി മേഖലയാക്കി മാറ്റുക എന്ന ലക്ഷ്യത്തിലേക്കുള്ള ആദ്യ പടിയായും വിഷാംശം കൂടിയ ചുവപ്പ്/മഞ്ഞ ലേബലുകളിൽ വിൽക്കപ്പെടുന്ന രാസകീടനാശിനികളുടെ ഉല്പാദനവും, വിതരണവും ഉപയോഗവും കാസർഗോഡ് ജില്ലയിൽ നിരോധിച്ചു.

7-5-2011-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.116/2011/കൃഷി പ്രകാരം വിഷ വീര്യം കൂടിയതും മനുഷ്യ ജീവന് ഹാനികരവുമായ ചുവപ്പ്, മഞ്ഞ ലേബലിലുള്ള 13 കീടനാശിനികളുടെ വില്പനയും വിതരണവും ഉപയോഗവും കേരളത്തിൽ നിരോധിച്ചിരിക്കുന്നു.സർക്കാർ ഉത്തരവ് (എം.എസ്) നം.128/2015/കൃഷി പ്രകാരം സംസ്ഥാനത്ത് ജൈവകാർഷികനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി രാസകീട/കുമിൾ/കളനാശിനികളുടെ വിതരണവും, ഉപയോഗവും നിയന്ത്രിക്കുന്നതിനായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

(i) ചുവന്ന ലേബലോടു കൂടിയ METHOMYL, MEMC(Mercuric Chloride) എന്നീ കീടനാശിനികളുടെ ഉപയോഗം പൂർണ്ണമായും നിരോധിച്ചു.

(ii) മഞ്ഞ ലേബലോടു കൂടിയ കീടനാശിനികളായ

CARBOSULPHAN,CHLORPYRIPHOS,CYPERMETHRIN, LAMDA CYHALOTHRIN നീല ലേബലോടു കൂടിയ ACEPHATE,കളനാശിനികളായ 2,4,D, GLYPHOSATE എന്നിവയുടെ വിൽപ്പനയും ഉപയോഗവും അത്യാവശ്യ ഘട്ടങ്ങളിൽ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമായി പരിമിതപ്പെടുത്തി.

സി) കൃഷിയോഗ്യമായ ഭൂമി തരിശായി ഇടുന്നത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

സി) കൃഷി ഭൂമി തരിശായി ഇടുന്നത് തടയാൻ സ്വീകരിച്ച നടപടികളുടെ വിശദവിവരം ഇതോടൊപ്പം നല്കുന്നു.

**2011-12:-** തരിശുഭൂമിയിൽ കരാർ അടിസ്ഥാനത്തിൽ കൃഷി എന്ന പദ്ധതി പ്രകാരം 725 ഹെക്ടർ തരിശുഭൂമിയിൽ പച്ചക്കറി, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്യുകയും ഇതിനായി 243 ലക്ഷം രൂപ ചെലവഴിക്കുകയും ചെയതു.

**2012-13:-** ആർ.കെ.വി.വൈ പദ്ധതി പ്രകാരം കരാർ അടിസ്ഥാനത്തിൽ തരിശുഭൂമിയിൽ വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗവിളകൾ എന്നിവ കൃഷി ചെയ്യുന്നതിന് 748.94272 ലക്ഷം രൂപ ധനസഹായമായി നല്കി. ഇതുവഴി 2574.78 ഹെക്ടറിലെ തരിശുഭൂമി കൃഷിയോഗ്യമാക്കുവാൻ സാധിച്ചു.

**2013-14:-** പച്ചക്കറി വികസന പദ്ധതി പ്രകാരം 1185.86 ഹെക്ടർ തരിശുഭൂമിയിൽ പച്ചക്കറി കൃഷി ചെയ്ത് കൃഷിയോഗ്യമാക്കി. ഇതിനായി 351.16 ലക്ഷം രൂപ ധനസഹായം നല്കി.

**2014-15:-** പച്ചക്കറി വികസന പദ്ധതി പ്രകാരം 508.66 ഹെക്ടർ തരിശുഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് 153.5583 ലക്ഷം രൂപ ധനസഹായമായി

നല്കി.

**2015-16**:- 2015-16 വർഷത്തിലും പച്ചക്കറി വികസന പദ്ധതി അനുസരിച്ച് 400 ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കുവാൻ 120 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതുവരെ 274 ഹെക്ടർ തരിശുഭൂമിയിൽ കൃഷിയിറക്കി കഴിഞ്ഞു. ബാക്കി ഭൂമിയിൽ കൃഷിയിറക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

ഡി) തരിശുഭൂമി പിടിച്ചെടുത്ത് കൃഷി ചെയ്യുവാൻ സന്നദ്ധരായവർക്ക് പാട്ടത്തിന് നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

ഡി) തരിശുഭൂമി കൃഷിയ്ക്കായി വിട്ടു കൊടുക്കുന്ന ഉടമസ്ഥന് ഈ പദ്ധതി പ്രകാരം ഹെക്ടറിന് 5000 രൂപ നല്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**